بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 25.12.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഖുലഫാഉർ റാശിദീൻ :
## ഹദ്റത്ത് അലി(റ) (ഭാഗം-5)

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۝ اَلرَّحْمٰنِ الرَّحِيْمِ۝ مٰلِكِ يَوْمِ الدِّيْنِ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ۝ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۝

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ (അയ്യദഹുല്ലാഹ്) പറഞ്ഞു:

ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ശഹാദത്തിനെ സംബന്ധി ച്ച ഒരു പ്രധാന സംഗതിയിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നിങ്ങളും സ്വഹാബാക്കളെപ്പോലെയാകുന്നു. അതുകൊണ്ട് മുസ്ലിംകൾ എങ്ങനെയാണ് നശിപ്പിക്കപ്പെട്ടത് എന്നും എന്ത് കാര്യങ്ങളാണ് അവരുടെ നാശത്തിന് ഹേതുവായതെന്നും ചരിത്രത്തിന്റെ വെളിച്ചത്തിൽ പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആയതിനാൽ നിങ്ങൾ ജാഗരൂകരായിരിക്കുവിൻ, നിങ്ങൾ നവാഗതർക്ക് വേണ്ടി ശിക്ഷണത്തിന് ഏർപ്പാട് ചെയ്യുക. അതായത് അവർക്ക് ശരിയായ ദീനി ശിക്ഷണം നൽകേണ്ടതാണ്. ഹദ്റത്ത് ഉസ്മാന്റെ കാലത്ത് ഉയർന്നു വന്ന കുഴപ്പങ്ങൾ സ്വഹാബാക്കളിൽ നിന്നല്ല ഉണ്ടായത്. സ്വഹാബാക്കളാണ് അത് ഉണ്ടാക്കിയതെന്ന് പറയുന്നവർ അബദ്ധധാരണയിലാകുന്നു. ഹദ്റത്ത് അലിക്ക് എതിരിൽ നിരവധി സ്വഹാബാക്കൾ ഉണ്ടായിരുന്നു എന്നതിൽ തർക്കമില്ല. മുആവിയക്ക് എതിരിലും ഉണ്ടായിരുന്നു. എന്നാൽ ഈ കുഴപ്പങ്ങളുടെ ഉറവിടം സ്വഹാബാക്കൾ അല്ലായിരുന്നു. മറിച്ച് പിന്നീട് വന്ന തിരുനബി(സ)ന്റെ സഹവാസം ലഭിക്കാത്തവരും തിരുനബിയോടൊപ്പം കഴിച്ചു കൂടാത്തവരുമായ ആളുകളിൽ നിന്നാണ് അത് ആരംഭിച്ചത്. ആയതിനാൽ, ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്, ഫിത്നകളിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗം പറഞ്ഞുതരികയാണ്. (അന്ന് അദ്ദേഹം ഖാദിയാനിൽ ആയിരുന്നു) നിങ്ങളുടെ ഈമാൻ പുതുപുത്തനായി നിലനിൽക്കുന്നതിനു വേണ്ടിയും നിങ്ങളുടെ ദൈവഭയം വർദ്ധിക്കുന്നതിന് വേണ്ടിയും കൂടുതൽ കൂടുതൽ, കൂടെക്കൂടെ ഖാദിയാനിൽ വരേണ്ടതാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇന്ന് അല്ലാഹു നമുക്ക് എം.ടി.എ നൽകിയിരിക്കുന്നു. അതുകൊണ്ട് ശിക്ഷണത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ സ്വയം പാരായണം ചെയ്യുന്നതോടൊപ്പം എം.ടി.എയുമായി ബന്ധം സ്ഥാപിക്കേണ്ടത് അനിവാര്യമാകുന്നു. പ്രത്യേകിച്ചും ഖുത്ബ ജുമുഅ എം.ടി.എ മുഖേന തീർച്ചയായും കേൾക്കേണ്ടതാണ്. അങ്ങനെ ബന്ധം നിലനിൽക്കുന്നതും ആ ബന്ധം അഭിവൃദ്ധിപ്പെടുന്നതും നന്നാകുന്നതുമാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ജമൽ യുദ്ധം ഹിജ്റ 36-ൽ ഹദ്റത്ത് അലിയും ഹദ്റത്ത് ആയിശയും തമ്മിലാണ് ഉണ്ടായത്. ഹദ്റത്ത് ആയിശയോടൊപ്പം ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും ഉണ്ടായിരുന്നു.

ഇതേക്കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു:

ഈ യുദ്ധത്തിന്റെ ആരംഭത്തിൽ ഹദ്റത്ത് സുബയ്ർ ഹദ്റത്ത് അലിയിൽനിന്ന് റസൂൽകരീം(സ)ന്റെ ഒരു പ്രവചനം കേട്ടപ്പോൾ വിട്ടുപോവുകയും മേലിൽ ഹദ്റത്ത് അലിയോട് യുദ്ധം ചെയ്യുകയില്ലെന്ന് ശപഥം ചെയ്യുകയുമുണ്ടായി. മാത്രമല്ല തന്റെ നിലപാടിൽ അബദ്ധം സംഭവിച്ചുവെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. മറുഭാഗത്ത് ഹദ്റത്ത് ത്വൽഹയും തന്റെ വഫാത്തിനു മുമ്പ് ഹദ്റത്ത് അലിക്ക് ബയ്അത്ത് ചെയ്തു. ചുരുക്കത്തിൽ മറ്റു സ്വഹാബാക്കളുടെ അഭിപ്രായ വ്യത്യാസങ്ങൾ ജമൽ യുദ്ധത്തോടെ തീരുമാനമായി. എന്നാൽ ഹദ്റത്ത് മുആവിയയുടെ ഭിന്നത ബാക്കിയായിരുന്നു അങ്ങനെ സ്വഫ്ഫീൻ യുദ്ധമുണ്ടായി. ജമൽ യുദ്ധത്തിൽ നിന്ന് സ്വഹാബാക്കൾക്ക് ഈ യുദ്ധത്തിൽ യാതൊരു പങ്കുമില്ലായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ട്. ഈ ദ്രോഹങ്ങൾ എല്ലാം ഉസ്മാന്റെ ഘാതകർ തന്നെയാണ് ചെയ്തത്.

ജമൽ യുദ്ധം അവസാനിച്ചപ്പോൾ ഹദ്റത്ത് അലി, ഹദ്റത്ത് ആയിശക്ക് യാത്രാവാഹനവും പാഥേയവും തയ്യാറാക്കി. ഹദ്റത്ത് ആയിശയെ യാത്രയാക്കാൻ സ്വയം വരികയും, ഹദ്റത്ത് ആയിശയോടൊപ്പം പോകാൻ ആഗ്രഹിക്കുന്നവരേയും യാത്രയാക്കുകയും ചെയ്തു. ഹദ്റത്ത് ആയിശ പുറപ്പെടേണ്ട ദിവസം, ഹദ്റത്ത് അലി, ഹദ്റത്ത് ആയിശയുടെ അടുക്കലെത്തി. അവരെ ആദരിച്ചുകൊണ്ട് എഴുന്നേറ്റ് നിൽക്കുകയും ചെയ്തു. ജനങ്ങൾക്കിടയിലൂടെ ഹദ്റത്ത് ആയിശ പുറപ്പെട്ടു. അവർ പറഞ്ഞു: എന്റെ മക്കളെ! നമ്മൾ പ്രയാസപ്പെടുത്തിയും അതിക്രമം കാണിച്ചുകൊണ്ടും പരസ്പരം നീരസത്തിലാക്കി. മേലിൽ നമ്മുടെ ഈ അഭിപ്രായഭിന്നത കാരണം ആരുംതന്നെ പരസ്പരം അതിക്രമം കാണിക്കരുത്. പുരുഷന്മാരും

ഭാര്യാവീട്ടുകാരും തമ്മിൽ ഉണ്ടാകുന്ന പൊതുവായ എന്തെങ്കിലും ചെറിയ കാര്യങ്ങളല്ലാതെ തുടക്കംമുതൽ തന്നെ എനിക്കും ഹദ്റത്ത് അലിക്കും ഇടയിൽ ഒരിക്കലും ഒരു ഭിന്നതയും ഉണ്ടായിട്ടില്ല. ഹദ്റത്ത് അലി എനിക്ക് നന്മകൾ സ്വായത്തമാക്കുന്നതിനുള്ള മാർഗമായിരുന്നു. ഹദ്റത്ത് അലി പറഞ്ഞു: ജനങ്ങളെ! ഹദ്റത്ത് ആയിശ പറഞ്ഞ കാര്യങ്ങൾ നല്ലതും സത്യവുമാകുന്നു. എനിക്കും ഹദ് റത്ത് ആയിശക്കും ഇടയിൽ ആ പറഞ്ഞ അഭിപ്രായ വ്യത്യാസം മാത്രമേ ഉണ്ടായിട്ടുള്ളൂ. ഹദ്റത്ത് ആയിശ ഇഹലോകത്തും പരലോകത്തും നിങ്ങളുടെ നബി(സ) ന്റെ പരിശുദ്ധ ധർമപത്നിയാകുന്നു. ഹദ്റത്ത് അലി, ഹദ്റത്ത് ആയിശയെ യാത്രയാക്കാൻ മൈലുകളോളം കൂടെ പോയി. ഹദ്റത്ത് അലി തന്റെ മക്കളോട് ഹദ് റത്ത് ആയിശയോടൊപ്പം പോകാനും ഒരു ദിവസം കഴിഞ്ഞു വന്നാൽ മതിയെന്നു നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു; സിഫ്ഫീൻ യുദ്ധം; ഹദ്റത്ത് അലിയും അമീർ മുആവിയയും തമ്മിൽ ഹിജരി 37 ലാണ് ഉണ്ടായത്. ഹദ്റത്ത് അലി, കൂഫയിൽ നിന്ന് സൈന്യവുമായി പുറപ്പെട്ടു. സിഫ്ഫീൻ എത്തിയപ്പോൾ സിറിയൻ സൈന്യം അമീർ മുആവിയയുടെ നേതൃത്വ ത്തിൽ നേരത്തെ തന്നെ അവിടെ താവളമടിച്ചിരിക്കുന്ന താണ് കാണുന്നത്. അവരുടെ ഒരു സംഘം യൂഫ്രട്ടീസ് നദിയുടെ കടവ് പിടിച്ചെടുത്തിരുന്നു. യുദ്ധം ഹിജരി 37 ൽ സഫർ മാസത്തിലാണ് ആരംഭിച്ചത്. യുദ്ധം കുറച്ചു കാലം തീർപ്പാകാതെ തുടർന്നപ്പോൾ അമീർ മുആവിയാ യുടെ ശക്തി ക്ഷയിക്കാൻ തുടങ്ങി. ഈ ഭയാനകമായ അവസ്ഥയിൽ ഹദ്റത്ത് അംറ് ബിൻ ആസ് അദ്ദേഹത്തെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: വിശുദ്ധ ഖുർആൻ പ്രതി കുന്തത്തിൽ ഉയർത്തിപ്പിടിച്ച് ഈ ഗ്രന്ഥമനുസരിച്ച് തീരുമാനമാകാമെന്ന് പറയാം. തുടർന്ന് അങ്ങനെ തന്നെ ചെയ്തു. ഹദ്റത്ത് അലിയുടെ സൈന്യത്തിലെ ഭൂരിപക്ഷ വും മൂന്നാം കക്ഷിയെ തിരഞ്ഞെടുത്ത് ഇരുഭാഗത്തു നിന്നുമുള്ള ആളുകൾ കൂടിയാലോചിച്ച് വിശുദ്ധ ഖുർആ നിന്റെ വെളിച്ചത്തിൽ ഒരു തീരുമാനത്തിലെത്തട്ടെ എന്ന അമീർ മുആവിയയുടെ അഭിപ്രായത്തെ അംഗീകരിച്ചു. ചരിത്രഗ്രന്ഥങ്ങളിൽ ഇത് തഹ്കീം എന്നറിയപ്പെടുന്നു. സിറിയക്കാർ ഹദ്റത്ത് അംറ് ബിൻ ആസിനെ തിരഞ്ഞെ ടുത്തു. ഹദ്റത്ത് അലി, ഹദ്റത്ത് അബൂ മൂസാ അശ്അ രിയെ നിർദ്ദേശിച്ചു. ഉടമ്പടി പത്രത്തിൽ ഒപ്പിട്ടതിനു ശേഷം സൈന്യങ്ങൾ പിരിഞ്ഞുപോയി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി ഇതേപ്പറ്റി എഴുതുന്നു:

ഈ തഹ്കീം വാസ്തവത്തിൽ ഉസ്മാന്റെ വധത്തെ ക്കുറിച്ച് വിശുദ്ധ ഖുർആൻ അനുസരിച്ച് തീരുമാനമാക്കാ മെന്ന നിബന്ധനയിൽ മേലാണ് ഉണ്ടായത്. എന്നാൽ അംറ് ബിൻ ആസും അബൂ മൂസാ അശ്അരിയും കൂടിയാലോ ചിച്ച് തീരുമാനം എടുത്തത്, തങ്ങൾ രണ്ടുപേരും ചേർന്ന് ഹദ്റത്ത് അലിയേയും ഹദ്റത്ത് മുആവിയയേയും അവ രുടെ നേതൃസ്ഥാനത്ത് നിന്ന് സ്ഥാനഭ്രഷ്ടരാക്കാമെ ന്നാണ്. ഏതായിരുന്നാലും അവർ തീരുമാനം പ്രഖ്യാപി ക്കുന്നതിന് വേണ്ടി പൊതുയോഗം വിളിച്ചുകൂട്ടി. ഹദ്റത്ത് അംറ് ബിൻ ആസ്, ഹദ്റത്ത് അബൂ മൂസാ അശ്അരിയോട് പറഞ്ഞു; താങ്കൾ ആദ്യം താങ്കളുടെ തീരുമാനം പ്രഖ്യാപിക്കുക. തുടർന്ന് ഞാൻ വിളംബര പ്പെടുത്താം. അങ്ങനെ ഹദ്റത്ത് അബൂ മൂസാ, ഹദ്റത്ത് അലിയെ സ്ഥാനഭ്രഷ്ടനാക്കുന്നതായി വിളംബരപ്പെ ടുത്തി. അതിനുശേഷം ഹദ്റത്ത് അംറ് ബിൻ ആസ് എഴുന്നേറ്റുനിന്നു പറഞ്ഞു: അബുമൂസാ, ഹദ്റത്ത് അലിയെ ഖിലാഫത്ത് സ്ഥാനത്ത് നിന്ന് സ്ഥാനഭ്രഷ്ടനാ ക്കിയിരിക്കുന്നു. ഞാനും അതിനോട് യോജിക്കുന്നു. ഹദ്റത്ത് അലിയെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്യുന്നു. എന്നാൽ ഞാൻ മുആവിയയെ സ്ഥാനഭ്രഷ്ടനാക്കുന്നി ല്ല. മറിച്ച് അദ്ദേഹത്തെ അദ്ദേഹത്തിന്റെ നേതൃസ്ഥാ നത്ത് നിലനിർത്തുകയാണ്. പക്ഷേ ഹദ്റത്ത് അലി തീരുമാനം അംഗീകരിക്കാൻ വിസമ്മതിച്ചു കൊണ്ട് പറഞ്ഞു: ഹക്കം ഈ തീരുമാനത്തിന് വേണ്ടിയല്ല നിശ്ചയിക്കപ്പെട്ടത്. മാത്രമല്ല അവരുടെ ഈ തീരുമാനം വിശുദ്ധ ഖുർആന്റെ കൽപ്പനയ്ക്ക് അനുസൃതവുമല്ല. അപ്പോൾ ഹദ്റത്ത് അലിയോട് ഹക്കം നിശ്ചയിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ടായിരുന്ന അദ്ദേഹത്തിന്റെ കൂടെയുള്ള മുനാഫിഖീംകളായ ആളുകൾ എന്തിനാണ് ഹക്കമിനെ നിശ്ചയിച്ചതെന്നും ദീനികാര്യങ്ങളിൽ ഹക്കമിനെ നിശ്ചയിക്കാൻ പാടില്ലെന്നും പറഞ്ഞു ബഹളമുണ്ടാ ക്കാൻ തുടങ്ങി. അവർ ഹദ്റത്ത് അലിയുടെ ഈ പ്രതി ഷേധം (ന്യായം) അംഗീകരിച്ചില്ല. ബയ്അത്തിൽ നിന്ന് അകന്നു പോയി. അവരാണ് ഖവാരിജുകൾ എന്ന് അറി യപ്പെട്ടത്. അവർ ഒരു പുതിയ വീക്ഷണം കൊണ്ടു വന്നു. അതായത് അനുസരണയോഗ്യനായ ഖലീഫയു ടെതല്ല, മറിച്ച് ബഹുഭൂരിപക്ഷം മുസ്ലിംകളുടേയും തീരുമാനപ്രകാരമാണ് കാര്യങ്ങൾ ചെയ്യേണ്ടതാണ്. കാരണം ഏതെങ്കിലും വ്യക്തിയെ അമീർ അല്ലെങ്കിൽ അനിഷേധ്യ നേതാവായി അംഗീകരിക്കുന്നത് ലാഹു ക്മ ഇല്ലാലില്ലാഹ് (അല്ലാഹുവിന്റെ വിധി അല്ലാതെ മറ്റൊരു വിധിയും ഇല്ല) എന്നതിന് എതിരാകുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: നഹ്ർവാൻ യുദ്ധം; ഹിജ്റി 38ലാണ് ഉണ്ടായത്. തഹ്കീം സംബന്ധിച്ച് ഹദ്റത്ത് അലിയുടെ സൈന്യത്തിൽ ഒരു വിഭാഗം ഭിന്നിച്ച്, കലാപമുണ്ടാക്കി വേർപെട്ടു പോയി. ഇവർ ഖവാരിജുകൾ എന്ന്അറിയപ്പെടുന്നു. ഈ ഖവാരി ജുകൾ തഹ്കീം പാപമാണെന്ന് പ്രഖ്യാപിച്ചു ഹദ്റത്ത് അലി പശ്ചാത്തപിക്കണമെന്നും ഖിലാഫത്തിൽ നിന്ന് സ്വയം സ്ഥാനഭ്രഷ്ടനാകണമെന്നും ആവശ്യപ്പെട്ടു. പക്ഷേ അദ്ദേഹം അത് നിരാകരിച്ചു. ഹദ്റത്ത് അലി, അമീർ മുആവിയക്ക് എതിരിൽ വീണ്ടും സിറിയയി ലേ ക്ക് നീങ്ങാനുള്ള തയ്യാറെടുപ്പിൽ വ്യാപൃതനായി രുന്നു. അപ്പോൾ ഖവാരിജുകൾ കലാപമുണ്ടാക്കാൻ തുടങ്ങി. ഈ അവസ്ഥകൾ കണ്ടപ്പോൾ ഹദ്റത്ത് അലി, ഏക ദേശം അറുപത്തി അയ്യായിരം സൈനികരുമായി ഖവാ

രിജിനെ നേരിടാൻ പുറപ്പെടുകയും ചെയ്തു. അവർ നഹർവാൻ എന്ന സ്ഥലത്ത് എത്തിയപ്പോൾ ഖവാരിജിനെ സുൽഹിന് ക്ഷണിച്ചു. ഈ വിളംബരം കേട്ടപ്പോൾ നാലായിരം പേരുള്ള ഖവാരിജീംകളിൽ നൂറ് പേർ ഹദ്റത്ത് അലിയോടൊപ്പം ചേർന്നു. ഒരു വലിയ വിഭാഗം കൂഫയിലേക്ക് തിരിച്ചു പോയി. കേവലം ആയിരത്തി എണ്ണൂറ് പേർ അബ്ദു ല്ലാഹ് ബിൻ വഹ്ബ് ഖാരിജിയുടെ നേതൃത്വത്തിൽ മുന്നോട്ടു നീങ്ങി. ഹദ്റത്ത് അലിയുടെ അറുപത്തി അയ്യായിരം സൈന്യവുമായി യുദ്ധം ചെയ്തു. എല്ലാ ഖവാരിജിംകളും കൊല്ലപ്പെട്ടു. ഹദ്റത്ത് അലി(റ)ന്റെ സേനയിലെ 7 പേർ ശഹീദാക്കപ്പെട്ടു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഏതായിരുന്നാലും ഈ വിഷയം തുടരുകയാണ്. ഇനിയുംഅടുത്ത ആഴ്ചയും തുടരുന്നതാണ്. ഇൻശാ അല്ലാഹ്.

ഇന്നു ഞാൻ പാകിസ്ഥാനിലേയും അൽജീരിയയിലേയും അഹ്മദികൾക്ക് വേണ്ടി ദുആക്ക് പറയാൻ ആഗ്രഹിക്കുന്നു.

അൽജീരിയയിൽ നിന്ന് ഒരു സന്തോഷവാർത്തയുണ്ട്. കഴിഞ്ഞ ദിവസം, രണ്ടു മൂന്നു ദിവസങ്ങളിലായി കള്ള ക്കേസുകളിൽ കുടുക്കിയിരുന്ന നിരവധി അഹ്മദികളെ വിവിധ കോടതികൾ നിരപരാധികളാണെന്ന് വിധിച്ചിരുന്നു. അല്ലാഹു നീതിമാന്മാരായ ജഡ്ജിമാർക്ക് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. അഹ്മദികൾക്കു മേൽ കള്ളക്കേസുകൾ ഉണ്ടാക്കുന്ന മറ്റു സംവിധാനങ്ങൾക്കും നീതിപീഠങ്ങൾക്കും നീതിപൂർവ്വം പ്രവർത്തിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ.

പാകിസ്ഥാനിലെ ചില ഉദ്യോഗസ്ഥന്മാരും ജഡ്ജിമാരും നീതിയിൽ നിന്നും അകന്നുകൊണ്ടിരിക്കുന്നു. തങ്ങളുടെ അധികാരം അനാവശ്യമായി ഉപയോഗിക്കുന്നു. അല്ലാഹു അവർക്ക് തങ്ങളുടെ ഹൃദയത്തിൽ നിന്ന് വെറുപ്പും വിദ്വേഷവും അകറ്റി കാര്യങ്ങൾ യഥാവിധി കാണാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

അല്ലാഹുവിന്റെ പക്കൽ ഇസ്‌ലാഹിന് വിധിക്കപ്പെട്ടിട്ടില്ലാത്തവരെ പിടികൂടാൻ അല്ലാഹു തന്നെ വേഗം സാഹചര്യമൊരുക്കട്ടെ. അല്ലാഹു പാകിസ്ഥാനിലും സമാധാനവും ശാന്തിയുംഉണ്ടാകട്ടെ. പാകിസ്ഥാനി അഹ്മദികളും പാകിസ്ഥാനിൽ വസിക്കുന്ന അഹ്മദികളും പ്രത്യേകമായി നഫലുകളിലും ദുആകളിലും ശക്തി ചെലുത്തേണ്ടതാണ്.

ഈ ദുആകളിൽ

رب کل شیء خادمک رب فاحفظنی وانصرنی وارحمنی

വളരെയേറെചൊല്ലുക.

اللھم انا نجعلک فی نحورھم ونعوذ بک من شرورھم۔

എന്നതും കൂടുതലായി ചെല്ലേണ്ടതാണ്. സ്വലാത്ത് ചെല്ലുന്നതിലേക്കും ശ്രദ്ധിക്കുക. ഇന്ന് അത് വളരെ അത്യാവശ്യമാണ്. ഞാൻ പറഞ്ഞതുപോലെ നഫലുകളും അനുഷ്ഠിക്കുക. അല്ലാഹു അവർക്ക് തൗഫീഖ് നൽകുമാറാകട്ടെ.

ഖുത്ബയുടെ അവസാനം ഹുസൂർ തിരുമനസ്സ്, ബഹു. ഹിന്ദ: അബ്ബാസ് സാഹിബ, ബഹു. റിള്‌വാൻ സയ്യിദ് നഈമി സാഹിബ്, ബഹു.മലിക്ക് അലി മുഹമ്മദ് സാഹിബ്, ബഹു. ഇഹ്സാൻ അഹ്മദ് സാഹിബ്, റിയാസുദ്ദീൻ ശംസ് സാഹിബ് എന്നിവരുടെ സ്വഭാവമഹിമകൾ വിവരിക്കുകയും അവരുടെ മഗ്ഫിറത്തിന് വേണ്ടി ദുആ ചെയ്യുകയും ചെയ്തു. ഹുസൂർ തിരുമനസ്സ്, നമസ്കാര ശേഷം അവരുടെ ജനാസ നമസ്കാരം നിർവഹിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയുംചെയ്തു.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 25.12.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516